# പരിഷ്കർത്താവും പ്രവാചകനും

പ്രവാചകന്മാരുടെ പ്രവർത്തനത്തിന്റെ തുടർച്ചയാണ് തജ്ദീദ് (നവോത്ഥാനം) എന്നതിനാൽ പ്രവാചകന്മാരുടെ ചില സവിശേഷതകൾ അത്ര പൂർണമായിട്ടല്ലെങ്കിൽ പോലും പരിഷ്കർത്താക്കൾക്കും ഉണ്ടാവേണ്ടതുണ്ട്. ശുദ്ധമായ ധിഷണ, യാഥാർഥ്യ ബോധം, പ്രശാന്തമായ മനസ്സ്, ജീർണതയോ തീവ്രതയോ കൂടാതെ നേർമാർഗം കാണാനും സന്തുലിത നിലപാട് സ്വീകരിക്കാനുമുള്ള യോഗ്യത, പക്ഷപാത മുക്തമായി ചിന്തിക്കാനുള്ള ശേഷി, കാലഘട്ടത്തിന്റെ അപഭ്രംശങ്ങളോടു പൊരുതാനുള്ള ധീരത, ജന്മസിദ്ധമായ നേതൃത്വ ഗുണം, ഇജ്തിഹാദിനും സമൂഹത്തിന്റെ പുനർ നിർമാണത്തിനുമുള്ള യോഗ്യത, ഇസ്ലാമിലുള്ള പൂർണമായ ഹൃദയ സംതൃപ്തി എന്നിവയാണത്. എന്നാൽ പ്രവാച കനും പരിഷ്കർത്താവും തമ്മിലുള്ള മൗലികമായ വ്യത്യാസം അവരുടെ നിയമനവുമായി ബന്ധപ്പെട്ടതാണ്. പ്രവാച കൻമാർ തങ്ങളുടെ പദവിയിൽ സാന്മാർഗിക നിയമവുമായി (ശരീഅത്ത്) നിയമിക്കപ്പെടുന്നവരാണ്. തങ്ങളുടെ നിയമ നത്തെക്കുറിച്ച് അവർക്ക് അറിവുണ്ടായിരിക്കുകയും ചെയ്യും. ദിവ്യ വെളിപാട് ലഭിക്കുന്നവരാണവർ. പ്രവാചകത്വത്തെ ക്കുറിച്ച അവകാശ വാദത്തോടുകൂടിയാണ് അവർ പ്രവർത്തനം ആരംഭിക്കുക. അതിൽ വിശ്വസിക്കാൻ ജനങ്ങളെ ക്ഷണി ക്കുകയും ചെയ്യും. അവരുടെ പ്രബോധനം സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നതിനെ ആശ്രയി ച്ചാണ് ജനങ്ങളുടെ വിശ്വാസവും അവിശ്വാസവും തീരുമാനിക്കപ്പെടുന്നത്. പരിഷ്കർത്താക്കൾക്ക് ഇത്തരം സവിശേഷ തകൾ ഒന്നുമില്ല. അവർ സാന്മാർഗികമോ പ്രാപഞ്ചികമോ ആയ നിയമങ്ങളുമായി നിയമിക്കപ്പെട്ടവരല്ല. തങ്ങൾ പരി ഷ്കർത്താക്കളാണെന്ന അറിവ് പരിഷ്കർത്താക്കൾക്കുണ്ടായിക്കൊള്ളണമെന്നില്ല. അവരുടെ കാലശേഷം അവരുടെ സേവനം വിലയിരുത്തുന്ന പിൻഗാമികളാണ് അവരെ പരിഷ്കർത്താവ് എന്ന പദവിയിൽ അവരോധിക്കുന്നത്. തങ്ങ ളെക്കുറിച്ചുള്ള എന്തെങ്കിലും അവകാശവാദത്തോടുകൂടിയല്ല അവർ പ്രവർത്തനം ആരംഭിക്കുക. അവരെ അംഗീകരി ച്ചുകൊള്ളണമെന്നുമില്ല.